# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 510

09.02.2016- ലെ മറുപടിക്ക്

## സഹകരണ ബാങ്കുകളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. സാജു പോൾ | മറുപടി<br>ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| എ) സഹകരണ ബാങ്കുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) വിഭജിച്ചു നിൽക്കുന്ന സഹകരണ ബാങ്കുകളെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാർ നിയന്ത്രണത്തിലുള്ള ഏക ബാങ്കാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ? | (ബി) വിവിധ തട്ടുകളിൽ പ്രവർത്തിച്ചു വരുന്ന സഹകരണ ബാങ്കുകളെ ഏകോപിപ്പിച്ചു കൊണ്ട് സർക്കാർ നിയന്ത്രണത്തിലുള്ള ഏക ബാങ്കാക്കി മാറ്റുന്നത് ഇപ്പോൾ പരിഗണനയിലില്ല. ഇതിന് വിശദമായ പഠനവും ചർച്ചയും ആവശ്യമാണ്. സർക്കാർ ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. |
| (സി) ജൈവ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് സർക്കാർ സഹായം നൽകുമോ; | (സി) ജൈവ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ ഉൾപ്പെടെ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് സർക്കാർ സഹായം നൽകിവരുന്നുണ്ട്. |
| (ഡി) ജൈവ കർഷകർക്ക് പലിശ കുറച്ച് വായ്പ നൽകാൻ പദ്ധതി തയ്യാറാക്കുമോ? | (ഡി) ജൈവ കൃഷി ഉൾപ്പെടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്യുന്ന കാർഷിക വായ്പകൾക്ക് ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം നിലവിൽ പലിശ ഇളവ് ആനുകൂല്യം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ